# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് ബാങ്ക് ലയനം</u>

1692 ശ്രീമതി. കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച സർക്കാർ നയം എന്തെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>കരാറുകാർക്ക് കുടിശ്ശിക</u>

1693 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട കരാറുകാർക്ക് എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ടായിരുന്നുവെന്ന് അറിയിക്കാമോ;

(ബി) ഇപ്പോൾ കരാറുകാർക്ക് എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ടെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>പ്രോവിഡന്റ് ഫണ്ട് പെൻഷൻ</u>

1694 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിമാസം 50 രൂപയിൽ താഴെ മാത്രം പെൻഷൻ ലഭിക്കുന്ന പ്രോവിഡന്റ് ഫണ്ട് പെൻഷൻകാരുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവർക്ക് മിനിമം പെൻഷൻ ലഭിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>കായംകുളം ജലോത്സവത്തിന് ഗ്രാന്റ്</u>

1695 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നെഹ്റു ട്രോഫിക്ക് സമാനമായി കായംകുളം കായലിൽ നടക്കുന്ന ജലോത്സവത്തിന് ഗ്രാന്റ് അനുവദിയ്ക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയാണ് ഗ്രാന്റായി അനുവദിയ്ക്കുന്നത് എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>നൂറ്ദിന കർമ്മ പരിപാടി</u>

1696 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചവത്സര പദ്ധതിയുടെയും, വാർഷിക ബഡ്ജറ്റിലെ നിർദ്ദേശങ്ങളുടെയും ഭാഗമായിട്ടുള്ളതല്ലാതെ നൂറ് ദിന പരിപാടിയെന്നും മറ്റുമുള്ള പേരുകളിൽ സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികളുടെയും പരിപാടികളുടെയും ആസൂത്രണം നടക്കുന്നതെവിടെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്പോൾ പ്രഖ്യാപിച്ച നൂറ്ദിന കർമ്മ പദ്ധതികൾ പ്ലാനിംഗ് ബോർഡ് പരിഗണിച്ചിട്ടുള്ളതാണോ ; ആയതിനുള്ള തുക കണ്ടെത്തിയത് എപ്രകാരമായിരുന്നു ;

(സി) ഇത്തരത്തിൽ ബഡ്ജറ്റിനു പുറത്ത് പ്രഖ്യാപിച്ച് നടത്തുന്ന പദ്ധതികൾക്ക് ഫണ്ട് കണ്ടെത്തുന്നത് എപ്രകാരമാണ് ;

(ഡി) ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ മറ്റ് പേരുകളിൽ പുതുതായി പ്രഖ്യാപിക്കുന്ന രീതി നിയമാനുസൃതമാണോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>വയനാട് ജില്ലയ്ക്ക് വികസന പദ്ധതികൾ</u>

1697 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി എത്ര കോടി രൂപയാണ് 2011-12 വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വയനാട് ജില്ലയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഏതെല്ലാം പദ്ധതികളാണ് ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് നിയോജകമണ്ഡലം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) വികസന കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന വയനാട് ജില്ലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട്</u>

1698 ശ്രീ. ബി.സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എം.പി.മാരുടെ വികസനഫണ്ട് 5 കോടി രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എത്രയായി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>സ്പാർക്ക് വഴി ശമ്പളം</u>

1699 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ സ്ഥാപനങ്ങളും സ്പാർക്ക് വഴിയാണോ ട്രഷറികളിൽ നിന്ന് ശമ്പളം മാറുന്നത് ;

(ബി) ഇപ്രകാരം ശമ്പളം മാറുവാൻ തുടങ്ങിയിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് ആയതിനായി എത്ര സമയം കൂടി നൽകുവാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് നടപടി</u>

1700 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) വികസന പദ്ധതികൾക്കാവശ്യമായ തുക കണ്ടെത്തുന്നതിന് സംസ്ഥാനത്തിന്റെ മോശമായ സാമ്പത്തികസ്ഥിതി തടസ്സമാകാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകൾ എടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>കേന്ദ്രാവിഷ്കൃത പദ്ധതി</u>

1701 ഡോ. റ്റി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാർഷിക പദ്ധതിയിൽ സംസ്ഥാനത്തിന് അധിക സഹായമായി ലഭിച്ച തുക എത്രയാണ്; ഏതെല്ലാം നിലയിലാണ് പ്രസ്തുത തുക സംസ്ഥാനത്തിന് ലഭിക്കുകയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം എത്രയാണ്; പ്രസ്തുത പദ്ധതിയിൽ സംസ്ഥാന വിഹിതമായി എത്ര തുക വകയിരുത്തുവാൻ ഉദ്ദേശിക്കുന്നു;

(സി) ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് എത്ര കോടിവീതം അധികസഹായം വിനിയോഗിക്കും;

(ഡി) കേന്ദ്രം അംഗീകരിച്ചിരിക്കുന്ന വാർഷിക പദ്ധതി പൂർണമായും നടപ്പിലാക്കുന്നതിന്, സംസ്ഥാനം അധികമായി കണ്ടെത്തേണ്ടുന്ന തുക എത്ര കോടിയാണ്;

(ഇ) ആയത് ഏതെല്ലാം നിലയിൽ കണ്ടെത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) ലക്ഷ്യമിട്ടിരിക്കുന്ന തുക അധികമായി കണ്ടെത്താൻ കഴിഞ്ഞിരുന്നെങ്കിൽ, കേന്ദ്ര സഹായം നഷ്ടപ്പെടാൻ ഇടയാകുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

മൂല്യവർദ്ധിത നികുതിയിലൂടെ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടം

1702 ഡോ. റ്റി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിൽപ്പന നികുതി സമ്പ്രദായത്തിൽ നിന്ന് മൂല്യ വർദ്ധിത നികുതി സമ്പ്രദായത്തിലേക്ക് മാറിയതിന്റെ ഫലമായി നിലവിലുള്ള നികുതി വരുമാനത്തിൽ എത്ര ശതമാനം വർദ്ധനയാണ് ഈ വർഷം പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിക്കുന്ന ടാക്സ് എഫർട്ട് വഴി ഈ വർഷം എന്ത് തുക അധികമായി സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) നികുതി നിരക്കുകൾ ഉയർത്തിയത് വഴി ഈ സാമ്പത്തിക വർഷം അധികമായി എന്ത് തുക പ്രതീക്ഷിക്കുന്നു;

(ഡി) മേൽപ്പറഞ്ഞ പ്രത്യേക സാഹചര്യത്തിൽ, ഈ സാമ്പത്തിക വർഷം ഇതിനകം പിരിഞ്ഞ നികുതി വരുമാനത്തിൽ എത്ര ശതമാനം വർദ്ധനയുണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ജി.എസ്..ടി സംവിധാനം</u>

1703 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള നികുതിഘടന മാറ്റുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(ബി) സംസ്ഥാനത്ത് ജി.എസ്.ടി. സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) ഇതു നടപ്പാക്കുന്നതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് സംസ്ഥാനത്തിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത് എന്നുമുതൽ പ്രാവർത്തികമാക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ഇന്ധന നികുതിയിൽ ഇളവ്</u>

1704 ശ്രീ. എളമരം കരീം
'' ജെയിംസ് മാത്യു
'' പുരുഷൻ കടലുണ്ടി
'' പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ഏതെങ്കിലും വിമാനത്തിന് ഇന്ധന നികുതിയിൽ ഇളവ് നൽകുന്നതായി അറിയാമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇപ്പോൾ കേരളത്തിൽ സർവ്വീസ് നടത്തുന്ന മറ്റേതെല്ലാം വാഹനങ്ങൾക്കാണ് ഇന്ധന നികുതിയിൽ ഇളവ് ഏർപ്പെടുത്തിയിട്ടുളളത്?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

പെട്രോൾ വില വർദ്ധനവ്

1705 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ഒടുവിലത്തെ പെട്രോൾ വില വർദ്ധനവിനെ തുടർന്നുണ്ടായ അധിക നികുതി വരുമാനം വേണ്ടെന്ന് വെയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇതുമൂലം പ്രതിവർഷം എത്ര കോടി രൂപ നികുതി ഇനത്തിൽ നഷ്ടപ്പെടുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; പെട്രോൾ വിലയിൽ സംസ്ഥാനത്ത് ലിറ്ററിന് എത്ര പൈസയുടെ കുറവ് വരുത്തുകയുണ്ടായി ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ പെട്രോൾ വില വർദ്ധനവിനെത്തുടർന്ന് എത്ര തവണ അധിക നികുതി ലഭിക്കുവാൻ അന്നത്തെ സർക്കാറിന് അവസരമുണ്ടായിട്ടുണ്ട്;

(സി) ഇതിൽ അന്നത്തെ സർക്കാർ എത്ര തവണ ഈ അധിക നികുതി സ്വീകരിച്ചിട്ടുണ്ട് ;

(ഡി) എത്ര തവണ അധിക നികുതി ഒഴിവാക്കുവാൻ അന്നത്തെ സർക്കാർ തീരുമാനിച്ചു ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>പെട്രോൾ വില വർദ്ധന</u>

1706 ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
,, വി. പി. സജീന്ദ്രൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ ഭരണകാലത്ത് എത്ര പ്രാവശ്യം പെട്രോളിന് വിലവർദ്ധിച്ചിട്ടുണ്ട്;

(ബി) എത്ര പ്രാവശ്യം വില വർദ്ധനയിൽ നിന്നും ലഭിക്കുന്ന നികുതി വരുമാനം വേണ്ടെന്നുവച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

കോഴി കർഷകരുടെ വാറ്റ് കുറയ്ക്കുവാൻ നടപടി

1707 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോഴികർഷകരുടെ വാറ്റ് 12.5% ത്തിൽ നിന്നും 4% ആയി കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) അന്യസംസ്ഥാനത്തു നിന്നും കൊണ്ടു വരുന്ന കോഴികൾക്ക് 12.5% വും സംസ്ഥാനത്തിലുള്ള കോഴികർഷകരുടെ കോഴികൾക്ക് 4% വും വാറ്റ് എന്ന നയം അംഗീകരിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

സ്വർണ്ണ വ്യാപാര മേഖല

1708 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വർണ വ്യാപാര മേഖലയിൽ നിന്നും 2005-06 വർഷം മുതൽ ഇതേവരെ ഓരോ വർഷവും ലഭിച്ച നികുതി വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ സാമ്പത്തിക വർഷം ഈ ഇനത്തിൽ പ്രതീക്ഷിക്കുന്ന നികുതി വരുമാനം എത്ര കോടി രൂപയാണ് ;

(സി) സ്വർണത്തിനു ഉണ്ടാകുന്ന വില വർധനക്കനുസൃതമായി നികുതി വരുമാനത്തിന്റെ ലക്ഷ്യവും നികുതിപിരിവും വർധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്ത് ഒരു വർഷം ശരാശരി എത്ര കോടി രൂപയുടെ സ്വർണ്ണവ്യാപാരം നടക്കുന്നതായിട്ടാണ് കണക്കാക്കപ്പെടുന്നത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>അമരവിളയിലെ ഏകീകൃത ചെക്ക്പോസ്റ്റ്</u>

1709 ശ്രീ.ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നെയ്യാറ്റിന്‍കര മണ്ഡലത്തിലെ അമരവിള വാണിജ്യനികുതി ചെക്ക് പോസ്റ്റില്‍ നടപ്പാക്കിയ ഏകീകൃത സംവിധാനത്തിന്റെ ഉദ്ദേശ്യമെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ സംവിധാനം നടപ്പാക്കിയതിന്ശേഷവും പാറശ്ശാല കുറുങ്കുട്ടിയില്‍ പ്രവര്‍ത്തിക്കുന്ന ഗതാഗത വകുപ്പിന്റെ ചെക്ക്പോസ്റ്റ് അവിടെ തുടരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) ഏകീകൃത ചെക്ക് പോസ്റ്റിന്റെ മേല്‍നോട്ട ചുമതല ആര്‍ക്കാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

വാളയാർ ചെക്ക് പോസ്റ്റ്

1710 ശ്രീ. കെ. ശിവദാസൻ നായർ
'' പി. സി. വിഷ്ണുനാഥ്
'' ഹൈബി ഈഡൻ
'' അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാളയാർ ചെക്ക് പോസ്റ്റിൽ വാഹനങ്ങൾ കടന്നുപോകുന്നതിന് കാലതാമസം നേരിടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രീൻ ചാനൽ സംവിധാനത്തിൽ വാഹനങ്ങൾ കടത്തിവിടുമ്പോൾ കാലതാമസം ഒഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന് നീക്കിവച്ച തുക</u>

1711 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ നാലുവർഷമായി സംഘടിപ്പിച്ചു വരുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ പ്രവർത്തനത്തെ ക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ ഇതിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) മുൻ സർക്കാർ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിനായി വർഷം തോറും എന്തു തുക നീക്കി വച്ചിരുന്നു;

(ഡി) ഈ സർക്കാർ ഇതിനായി എന്തു തുക നീക്കി വച്ചു; പ്രസ്തുത തുക പ്രവർത്തനത്തിന് അപര്യാപ്തമായിരുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

ട്രഷറികളിൽ പരിഷ്കാരം

1712 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ട്രഷറികളുമായി ബന്ധപ്പെട്ട പുതിയ പരിഷ്ക്കാരങ്ങൾ പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

മലപ്പുറം റൂറൽ ജില്ലാ ട്രഷറി

1713 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റൂറൽ ജില്ലാ ട്രഷറി ഇല്ലാത്ത എത്ര ജില്ലകൾ സംസ്ഥാനത്തുണ്ടെന്ന് വെളിപ്പെടുത്താമോ; അവ ഏതെല്ലാം;

(ബി) മലപ്പുറം ജില്ലയിൽ റൂറൽ ജില്ലാ ട്രഷറി സ്ഥാപിക്കണമെന്ന് കാണിച്ച്, ജില്ലാ ട്രഷറി ഓഫീസർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രൊപ്പോസൽ അംഗീകരിച്ച് റൂറൽ ജില്ലാ ട്രഷറി സ്ഥാപിക്കുവാനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

കോതമംഗലം സബ്ട്രഷറി

1714 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോതമംഗലം സബ്ട്രഷറിയിൽ നിന്നും പെൻഷൻ വാങ്ങുന്നവർ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ പെൻഷൻ വാങ്ങാൻ വരുന്നവർ സ്ഥലപരിമിതി മൂലം കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>പയ്യന്നൂർ സബ്ട്രഷറി</u>

1715 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ സബ്ട്രഷറി കെട്ടിടത്തിന്റെ അപകടാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സബ്ട്രഷറി കെട്ടിടം പുതുക്കി പണിയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കെട്ടിടം പുതുക്കി പണിയുന്നതിന്റെ നടപടികൾ ഏതു ഘട്ടം വരെയായി?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

കുന്ദമംഗലത്ത് സബ്ട്രഷറി

1716 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് പ്രവർത്തിക്കുന്ന ഏകാംഗ ട്രഷറി ജി.ഒ (ആർ.ടി) നമ്പർ 6538/11/ഫിൻ തീയതി 24-08-2011 പ്രകാരം നിർത്തൽ ചെയ്തിട്ടുണ്ടോ ;

(ബി) കേരളത്തിലെ ഏക സബ്താലൂക്കായ കുന്ദമംഗലത്ത് സബ്ട്രഷറി നിലവിലില്ലാത്തത് പ്രയാസങ്ങളുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കുന്ദമംഗലത്ത് സബ്ട്രഷറി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>ചെറുപുഴയിൽ സബ് ട്രഷറി</u>

1717 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ചെറുപുഴയിൽ സബ് ട്രഷറി ആരംഭിക്കാനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>വൺമാൻ ട്രഷറികൾ</u>

1718 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൺമാൻ ട്രഷറികൾ എന്നു മുതലാണ് പ്രവർത്തനമാരംഭിച്ചതെന്നും അവ എത്രയെണ്ണം നിലവിൽ പ്രവർത്തിക്കുന്നുവെന്നും അറിയിക്കാമോ ;

(ബി) വൺമാൻ ട്രഷറികൾ ആരംഭിക്കുവാനുണ്ടായ സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചുവന്നിരുന്ന വൺമാൻ ട്രഷറികളിലെ ഇടപാടുകാരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത ട്രഷറികൾ നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ ;

(എഫ്) ശാരീരികമായി അവശരായ മുതിർന്ന പൗരന്മാർക്ക് ഉൾപ്പെടെ വളരെ പ്രയോജനകരമായ വൺമാൻ ട്രഷറികൾ നിലനിർത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>മുൻകാല സർവ്വീസും പെൻഷനും</u>

1719 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മുഖേന വിവിധ ബോർഡുകളിലും കോർപ്പറേഷനുകളിലും നിയമനം ലഭിച്ചവർ മുൻകാലങ്ങളിൽ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ ആ സർവ്വീസ് അവരുടെ പെൻഷന് പരിഗണിക്കുമോ ;

(ബി) ഇല്ലെങ്കിൽ ഇത് പരിഗണിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>നാനോ കമ്പനി</u>

1720 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
,, ഇ. എസ്. ബിജിമോൾ
ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളെ കബളിപ്പിച്ച് നാനോ എന്ന കമ്പനി എത്ര കോടി രൂപയുടെ വികിരണ ഉൽപന്നങ്ങൾ സംസ്ഥാനത്ത് വിറ്റഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്പനി സംസ്ഥാനത്ത് നികുതി വെട്ടിപ്പ് നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ നികുതി വെട്ടിപ്പ് നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നികുതി വെട്ടിപ്പിനെ സംബന്ധിച്ച് നികുതി വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നികുതി വകുപ്പ് എത്ര രൂപയുടെ വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്;

(ഡി) അന്വേഷണം നടത്തുന്നതിന് നികുതി വകുപ്പിൽ നിന്നും ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആരാണ്; പ്രസ്തുത ഉദ്യോഗസ്ഥനെതിരെ കൈക്കൂലി ആരോപണം ഉണ്ടായിട്ടുണ്ടോ;

(ഇ) പ്രസ്തുത വിഷയത്തെ സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ഗവണ്‍മെന്റ് ഭാഗ്യക്കുറികള്‍</u>

1721 ഡോ.എന്‍. ജയരാജ്
ശ്രീ.തോമസ് ഉണ്ണിയാടന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഗവണ്‍മെന്റ് ഭാഗ്യക്കുറികള്‍ പുനസംഘടിപ്പിച്ചിരിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ;

(ബി) ലോട്ടറി ഏജന്റുമാരുടെ കമ്മീഷന്‍ കാലാനുസൃതമായി വര്‍ദ്ധിപ്പിച്ചു നല്കിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>□കാരുണ്യ ലോട്ടറി'</u>

1722 ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രോഗികൾക്കുവേണ്ടി നടത്തിയ □കാരുണ്യ ലോട്ടറി' യുടെ ആദ്യനറുക്കെടുപ്പിൽ നിന്നും എന്തു തുക ലഭിച്ചു എന്നു വ്യക്തമാക്കാമോ ;

(ബി) ഈ വരുമാനം ഉപയോഗിച്ച് രോഗികൾക്ക് സഹായം നൽകുന്ന പദ്ധതി എപ്പോൾ നടപ്പിലാക്കി തുടങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>ലോട്ടറി ഏജന്റുമാരുടെ കമ്മീഷൻ</u>

1723 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതു മാനദണ്ഡം അനുസരിച്ചാണ് സംസ്ഥാനത്തെ ലോട്ടറി ഏജന്റുമാർക്ക് കമ്മീഷൻ നൽകിവരുന്നത്;

(ബി) ഇത് സംസ്ഥാനത്ത് ഒറ്റ നറുക്കെടുപ്പു മാത്രം നടത്തിവന്നപ്പോഴുളള വ്യവസ്ഥയനുസരിച്ചാണോ;

(സി) ഇതിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഏജന്റുമാരുടെ കമ്മീഷൻ വ്യവസ്ഥ സ്ലാബ് അടിസ്ഥാനത്തിൽ പുന:സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

ലോട്ടറി തൊഴിലാളി ക്ഷേമനിധി ബോർഡ്

1724 ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, എം.എ. വാഹീദ്
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി കൂടുതൽ വ്യാപകമാക്കാൻ എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതതെന്ന് വ്യക്തമാക്കുമോ ;

(ബി) ലോട്ടറി തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ.

1725 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ ആകെ എത്ര ബ്രാഞ്ചുകളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്;

(ബി) പ്രസ്തുത സ്ഥാപനത്തിന് ആകെ എത്ര ജീവനക്കാർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നകാര്യം പരിഗണനയിൽ ഉണ്ടോ;

(ഡി) ചിട്ടി പിടിച്ചുകഴിഞ്ഞാൽ തുക ലഭിക്കുന്നതിന് ഇന്ന് നിലവിലുളള കർശനമായ ജാമ്യവ്യവസ്ഥകൾ ലഘൂകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ. വിദ്യാഭ്യാസ വായ്പ</u>

1726

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച കെ.എസ്.എഫ്.ഇ. മുഖേനയുള്ള വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; ഇതിന്റെ പലിശ നിരക്ക് എത്രയാണെന്നും തിരിച്ചടവ് എത്ര വർഷത്തിനു ശേഷം തുടങ്ങുമെന്നും അറിയിക്കാമോ;

(ബി) കെ.എസ്.എഫ്.ഇ.യിലൂടെ സാധാരണ ലഭിക്കുന്ന വായ്പയിൽ നിന്നും ഇതിനുള്ള വ്യത്യാസമെന്തെന്നും ഇതിന് സെക്യൂരിറ്റിയായി എന്തെല്ലാമാണ് കെ.എസ്.എഫ്.ഇ.യ്ക്ക് നൽകേണ്ടതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിദ്യാഭ്യാസ വായ്പാ പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ കെ.എസ്.എഫ്.ഇ.യ്ക്കു എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ഇ) ഈ വായ്പാ പദ്ധതി പ്രകാരം 5 ലക്ഷം രൂപാ വായ്പയെടുക്കുന്ന ഒരു വിദ്യാർത്ഥി അഞ്ചുവർഷം കഴിഞ്ഞ് തിരിച്ചടവ് തുടങ്ങുമ്പോൾ എത്ര രൂപാ പ്രതിമാസം തിരിച്ചടയ്ക്കണം എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ വിദ്യാഭ്യാസ വായ്പ</u>

1727 ഡോ. എൻ. ജയരാജ്
ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. വഴി വിദ്യാഭ്യാസ വായ്പകൾ അനുവദിച്ചുനല്കുന്ന പദ്ധതികൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകും; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇങ്ങനെയുള്ള പദ്ധതികൾ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>മഹിളാപ്രധാന്‍ ഏജന്റുമാരുടെ കമ്മീഷന്‍</u>

1728

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതി മഹിളാപ്രധാന്‍ ഏജന്റുമാര്‍ക്ക് എത്ര ശതമാനം കമ്മീഷനാണ് ഇപ്പോള്‍ നല്‍കി വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവര്‍ക്ക് നല്‍കുന്ന കമ്മീഷനില്‍ എന്തെങ്കിലും കുറവു വരുത്തുന്നതിന് കേന്ദ്ര സര്‍ക്കാരിന്റെ ഭാഗത്തു നിന്നും നീക്കങ്ങളുള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കില്‍ മതിയായ കമ്മീഷന്‍ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>കുടിശ്ശിക നിവാരണ പദ്ധതി</u>

1729

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണത്തിനായി ഹൗസിംഗ് ബോർഡ് മുഖാന്തിരം വായ്പ എടുത്തിട്ടുള്ള കുടിശ്ശികക്കാർക്കു വേണ്ടി പ്രത്യേക ഇളവുകളോടെ കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) അതുവരെ കുടിശ്ശികക്കാരുടെ മേൽ കൈക്കൊള്ളുന്ന റിക്കവറി നടപടികൾ നിർത്തിവയ്ക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രോജക്ടുകൾ</u>

1730 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിലവിൽ എന്തെല്ലാം പ്രോജക്ടുകൾ ആണ് ഏറ്റെടുത്ത് നടത്തി വരുന്നത് ;

(ബി) ഭവന നിർമ്മാണ ബോർഡിന് സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഭൂമി സ്വന്തമായുള്ളത് ; വിശദാംശം ലഭ്യമാക്കാമോ ;

(സി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് കൊമേഴ്സ്യൽ കോംപ്ലക്സുകൾ നിർമ്മിച്ചു വിൽപ്പന നടത്തിയിട്ടുള്ളത് എവിടെയെല്ലാമാണ് ;

(ഡി) ഭവന നിർമ്മാണ ബോർഡിന് ഒറ്റപ്പാലത്ത് സ്വന്തമായി എത്ര ഏക്കർ സ്ഥലമുണ്ട് ; വിശദമാക്കാമോ ;

(ഇ) പ്രസ്തുത സ്ഥലത്ത് ഒരു കൊമേഴ്സ്യൽ കോംപ്ലക്സ് നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

ഭവന നിർമ്മാണ ബോർഡിനു കീഴിലുള്ള ഹൗസിങ് പ്ലോട്ടുകൾ

1731 ശ്രീ. റ്റി. യു കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടത്താതെ ഭവന നിർമ്മാണ ബോർഡിന്റെ ഹൗസിംഗ് പ്ലോട്ടുകൾ ഉണ്ടെന്ന് വിശദമാക്കുമോ ;

(ബി) എങ്കിൽ അത്തരം പ്ലോട്ടുകളിൽ ഫ്ളാറ്റുകൾ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(സി) ഭവന നിർമ്മാണ ബോർഡ് പണി പൂർത്തീകരിച്ചിട്ടുള്ള ഏതെല്ലാം റവന്യൂ ടവറുകളിൽ എത്ര മുറികൾ ലേലത്തിൽ പോകാതെ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത് ലേലത്തിൽ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>വാടക നിയന്ത്രണ നിയമം</u>

1732 ശ്രീ. ഇ. പി. ജയരാജൻ
,, പി. റ്റി. എ. റഹീം
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാടക നിയന്ത്രണ നിയമം പുതുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ നിലവിലുള്ള നിയമത്തിൽ ഏതെല്ലാം തരത്തിലുള്ള ഭേദഗതികൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ലഭ്യമായ കണക്കനുസരിച്ച് വാടകയ്ക്ക് കെട്ടിടം എടുത്ത് തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടവരെത്രയാണ്;

(ഡി) നിയമം പുതുക്കുന്നതിനുമുമ്പായി, ഇക്കാര്യം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

പാർപ്പിടം - പൗരാവകാശം

1733 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാർപ്പിടം പൗരന്റെ അവകാശമായി മാറ്റുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി നിയമനിർമ്മാണം നടത്തുവാൻ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുമോ;

(ഡി) സംസ്ഥാനത്തെ പാർപ്പിട നയത്തിന്റെ ലക്ഷ്യങ്ങൾ ഫലവത്താക്കുന്നതിന് ഈ നിയമനിർമ്മാണം സഹായകരമാകുമെന്ന് കരുതുന്നുണ്ടോ;

(ഇ) ഈ നിയമത്തിൽ പാവപ്പെട്ടവർക്ക്, ഭവനനിർമ്മാണം സാമ്പത്തികമായി താങ്ങാവുന്ന വിധത്തിൽ സബ്സിഡി സംവിധാനം വ്യവസ്ഥ ചെയ്യുവാൻ നടപടി എടുക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 സെപ്റ്റംബർ 24.

□୦□ ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.